**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 3** **01-02-2023 - ൽ മറുപടിയ്ക്ക്**

**പ്രധാൻമന്ത്രി ഗരീബ് കല്യാൺ യോജന പ്രകാരമുള്ള സബ്സിഡി അരി നിർത്തലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പ്രധാൻമന്ത്രി ഗരീബ് കല്യാൺ യോജന പ്രകാരമുള്ള സബ്സിഡി അരി നിർത്തലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2022 ഡിസംബർ 23-ലെ കേന്ദ്ര മന്ത്രിസഭായോഗം 2020 ഏപ്രിൽ മുതൽ രാജ്യത്ത് നടപ്പിലാക്കിവന്നിരുന്ന PMGKAY പദ്ധതി നിർത്തലാക്കുകയുണ്ടായി. പ്രസ്തുത പദ്ധതി പ്രകാരം സൗജന്യമായി വിതരണം ചെയ്തിരുന്ന 5 കിലോ ഭക്ഷ്യധാന്യം രാജ്യത്തെ മുൻഗണനാ കാർഡുടമകൾക്ക് വലിയ ആശ്വാസം പകർന്നിരുന്നു. PMGKAY പദ്ധതി നിർത്തലാക്കിയതിലൂടെ കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് നൽകി വന്നിരുന്ന ഭക്ഷ്യധാന്യ വിതരണം ഏകദേശം പകുതിയായി കുറയുകയുണ്ടായി. ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനത്തിൽ പിന്നോക്കം നിൽക്കുന്ന കേരളം പോലൊരു ഉപഭോക്തൃ സംസ്ഥാനത്തെ പ്രസ്തുത നടപടി വളരെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തീരുമാനം സംസ്ഥാനത്തെ 40 ലക്ഷം കാർഡുടമകൾക്ക് തിരിച്ചടിയാകുന്നതിനും രാജ്യത്ത് പൊതുവിപണിയിൽ അരി വില വീണ്ടും ഉയരുന്നതിനും കാരണമാകുമോയെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ മുൻഗണനാ കാർഡുടമകൾക്കുള്ള നോർമൽ റേഷൻ വിതരണത്തിന് 85,459.88 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളും PMGKAY പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണത്തിന് 77,400.06 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളുമാണ് കേന്ദ്രസർക്കാർ അനുവദിച്ചു വന്നിരുന്നത്. സംസ്ഥാനത്തെ എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങളിൽപ്പെടുന്ന 40 ലക്ഷത്തോളം (നിലവിലെ എണ്ണം - 4097276) വരുന്ന കാർഡുടമകൾക്ക് പി.എം.ജി.കെ.എ.വൈ സ്കീം പ്രകാരമുള്ള വിതരണം പ്രയോജനപ്പെട്ടിരുന്നു. PMGKAY പദ്ധതി നിർത്തലാക്കിയതിലൂടെ സംസ്ഥാനത്ത് മുൻഗണനാ കാർഡുടമകൾക്ക് കിട്ടിക്കൊണ്ടിരുന്ന 77,400.06 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളുടെ വിതരണം അവസാനിപ്പിച്ചിരിക്കുകയാണ്. മുൻഗണനാ വിഭാഗത്തിനുള്ള നോർമൽ റേഷൻ വിഹിതത്തിൽ യാതൊരു വർദ്ധനവും വരുത്താതെ PMGKAY |

| | | | |
|---|---|---|---|
| | | | പദ്ധതി നിർത്തലാക്കിയത് സംസ്ഥാനത്ത് ഭക്ഷ്യ ദൗർലഭ്യത്തിനും ഭക്ഷ്യധാന്യങ്ങളുടെ വിലക്കയറ്റത്തിനും കാരണമാകും. |
| (സി) | ദരിദ്രർക്ക് സൗജന്യമായി അഞ്ച് കിലോ ഭക്ഷ്യധാന്യം ലഭ്യമാക്കണമെന്ന കേന്ദ്ര സർക്കാർ പ്രഖ്യാപനം നിലവിൽ ലഭിക്കുന്ന സൗജന്യ ഭക്ഷ്യധാന്യത്തിന്റെ അളവിൽ കുറവ് വരുത്തുന്നതാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഭക്ഷ്യ ഭദ്രതാനിയമപ്രകാരം എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങൾക്ക് കിലോ ഗ്രാമിന് 3 രൂപ നിരക്കിൽ ലഭ്യമായിരുന്ന അരിയും, കിലോഗ്രാമിന് 2 രൂപ നിരക്കിൽ ലഭ്യമായിരുന്ന ഗോതമ്പും 2023 ജനുവരി മുതൽ ഒരു വർഷത്തേക്ക് കേന്ദ്ര സർക്കാർ സൗജന്യമാക്കിയിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിനുള്ള അരിയും ഗോതമ്പും സൗജന്യമാക്കിയതിലൂടെ കേന്ദ്രസർക്കാരിനുള്ള അധികബാധ്യത ഏകദേശം 16,000 കോടി രൂപയാണ്. എന്നാൽ PMGKAY പദ്ധതി നിർത്തലാക്കിയതിലൂടെ കേന്ദ്രസർക്കാരിന് ഏകദേശം 1.75 ലക്ഷം കോടി രൂപ ലാഭിക്കാൻ കഴിഞ്ഞു എന്നതാണ് വസ്തുത.<br><br>നിലവിൽ ഭക്ഷ്യഭദ്രതാ നിയമപ്രകാരം മുൻഗണനാവിഭാഗത്തിന് ലഭിച്ചുവരുന്ന 85459.88 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ തികച്ചും അപര്യാപ്തമാണ്. സംസ്ഥാനത്തിനുള്ള അരിവിഹിതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ അനുകൂലമായ നിലപാട് ഉണ്ടായിട്ടില്ല. പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി മുഖാന്തിരം സൗജന്യമായി ലഭിച്ചിരുന്ന അരി വിഹിതം നിർത്തലാക്കിയതിലൂടെ സംസ്ഥാനത്തിനുള്ള അരി വിഹിതം പകുതിയായി കുറഞ്ഞിട്ടുണ്ട്. ഇത് പൊതുവിപണിയിൽ അരി വില വർദ്ധിക്കുവാൻ കാരണമാകും. |
| (ഡി) | മുൻഗണനാ വിഭാഗത്തിന് നൽകിവരുന്ന സാധാരണ റേഷൻ വിഹിതത്തിൽ വർദ്ധനവ് വരുത്താതെ പ്രധാൻമന്ത്രി ഗരീബ് കല്യാൺ യോജന നിർത്തലാക്കിയതോടെ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നൽകിവന്നിരുന്ന ഭക്ഷ്യധാന്യ വിതരണം പകുതിയായി കുറഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത് ഭക്ഷ്യ ദൗർലഭ്യത്തിന് ഇടയാക്കുമോ; വിശദമാക്കാമോ? | (ഡി) | ഭക്ഷ്യ ഭദ്രതാനിയമപ്രകാരം എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങൾക്ക് കിലോ ഗ്രാമിന് 3 രൂപ നിരക്കിൽ ലഭ്യമായിരുന്ന അരിയും, കിലോഗ്രാമിന് 2 രൂപ നിരക്കിൽ ലഭ്യമായിരുന്ന ഗോതമ്പും 2023 ജനുവരി മുതൽ ഒരു വർഷത്തേക്ക് കേന്ദ്ര സർക്കാർ സൗജന്യമാക്കിയിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിനുള്ള അരിയും ഗോതമ്പും സൗജന്യമാക്കിയതിലൂടെ കേന്ദ്രസർക്കാരിനുള്ള അധികബാധ്യത ഏകദേശം 16,000 കോടി രൂപയാണ്. എന്നാൽ PMGKAY പദ്ധതി നിർത്തലാക്കിയതിലൂടെ കേന്ദ്രസർക്കാരിന് ഏകദേശം 1.75 ലക്ഷം കോടി രൂപ ലാഭിക്കാൻ കഴിഞ്ഞു എന്നതാണ് വസ്തുത.<br><br>നിലവിൽ ഭക്ഷ്യഭദ്രതാ നിയമപ്രകാരം മുൻഗണനാവിഭാഗത്തിന് ലഭിച്ചുവരുന്ന 85459.88 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ തികച്ചും അപര്യാപ്തമാണ്. സംസ്ഥാനത്തിനുള്ള അരിവിഹിതം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ അനുകൂലമായ നിലപാട് ഉണ്ടായിട്ടില്ല. പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി മുഖാന്തിരം സൗജന്യമായി ലഭിച്ചിരുന്ന അരി വിഹിതം നിർത്തലാക്കിയതിലൂടെ സംസ്ഥാനത്തിനുള്ള അരി വിഹിതം പകുതിയായി കുറഞ്ഞിട്ടുണ്ട്. ഇത് പൊതുവിപണിയിൽ അരി വില വർദ്ധിക്കുവാൻ കാരണമാകും. |

സെക്ഷൻ ഓഫീസർ